**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 965** **11-02-2025 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണത്തിന് കാരണമായ ജീവികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | 2021 മെയ് മുതൽ കേരളത്തിൽ നടന്ന വന്യജീവി ആക്രമണത്തിന് കാരണമായ ജീവികളിൽ വനം വകുപ്പ് ജീവനോടെ പിടികൂടിയവയുടെ വിവരം ലഭ്യമാക്കാമോ; വിശദമാക്കാമോ; | (എ) | 2021 മെയ് മുതൽ കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മനുഷ്യ-വന്യമൃഗ സംഘർഷങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള 32 വന്യജീവികളെ ജീവനോടെ പിടികൂടിയിട്ടുണ്ട്. ഇതിൽ മൂന്ന് ആനകളും, 16 കടുവകളും, 11 പുലികളും, ഓരോ കാട്ടുപോത്ത്, കരിങ്കുരങ്ങ് എന്നിവ ഉൾപ്പെടുന്നു. |
| (ബി) | 2021 മെയ് മുതൽ നടന്ന വന്യജീവി ആക്രമണത്തിന് കാരണമായ ജീവികളിൽ ചത്തതിനുശേഷം വനം വകുപ്പ് കണ്ടെത്തിയവയെക്കുറിച്ച് വിശദമാക്കാമോ; | (ബി) | 2021 മെയ് മുതൽ കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മനുഷ്യ-വന്യമൃഗ സംഘർഷങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള 21 മൃഗങ്ങളെ മരണപ്പെട്ട രീതിയിൽ കണ്ടെത്തിയിട്ടുണ്ട്. എട്ട് ആനകൾ, രണ്ട് കടുവകൾ, മൂന്ന് പുലികൾ, ആറ് കാട്ടുപോത്തുകൾ, ഓരോ കാട്ടുപന്നിയും കുറുനരിയും എന്നീ മൃഗങ്ങളെയാണ് മരണപ്പെട്ട രീതിയിൽ കണ്ടെത്തിയിട്ടുള്ളത്. |
| (സി) | 2021 മെയ് മുതൽ മനുഷ്യർക്കും വളർത്തുമൃഗങ്ങൾക്കും നേരെ നടന്ന വന്യജീവി ആക്രമണങ്ങൾക്ക് കാരണമായ ജീവികളിൽ വനം വകുപ്പ് ജീവനോടെ പിടികൂടിയവയിൽ വനത്തിൽ തിരികെ വിട്ടയച്ചവയുടെ വിവരം വിശദമാക്കാമോ; | (സി) | അഞ്ചു കടുവകളും, 11 പുലികളും, ഓരോ ആന, കരിങ്കുരങ്ങ്, കാട്ടുപോത്ത്, എന്നിങ്ങനെ മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ ഉൾപ്പെട്ട 19 മൃഗങ്ങളെ വനം വകുപ്പ് പിടികൂടി തിരികെ അനുയോജ്യമായ ആവാസ വ്യവസ്ഥയിൽ വിട്ടിട്ടുണ്ട്. |
| (ഡി) | 2021 മെയ് മുതൽ മനുഷ്യർക്കും വളർത്തുമൃഗങ്ങൾക്കും നേരെ നടന്ന വന്യജീവി ആക്രമണത്തിന് കാരണമായ ജീവികളിൽ വനം വകുപ്പ് ജീവനോടെ പിടികൂടിയവയിൽ തിരികെ വനത്തിൽ വിട്ടയച്ച ജന്തുക്കളിൽ തുടർന്നും ആക്രമണത്തിന് കാരണമായവയുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ഡി) | ഇത്തരം സംഭവങ്ങൾ ഒന്നും തന്നെയില്ല. |
| (ഇ) | 2021 മെയ് മുതൽ കേരളത്തിൽ മനുഷ്യർക്കും വളർത്തുമൃഗങ്ങൾക്കും നേരെ നടന്ന വന്യജീവി ആക്രമണത്തിന് കാരണമായിട്ടുള്ള ജീവികളിൽ സർക്കാർ വെടിവെച്ച് കൊന്നിട്ടുള്ളവയുടെ വിവരം ലഭ്യമാക്കാമോ ? | (ഇ) | ഈ കാലയളവിൽ മനുഷ്യരുടെ ജീവനും സ്വത്തിനും ഭീഷണിയായിട്ടുള്ള അപകടകാരികളായ 2372 കാട്ടുപന്നികളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള അധികാരം ഉപയോഗിച്ച് ഇല്ലായ്മ ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ